# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 1898 04.05.2017- ൽ മറുപടിക്ക്

### സ്കൂൾ വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം നൽകുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.വി.എസ്.ശിവകുമാർ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്തെ കൈത്തറി വ്യവസായത്തെ രക്ഷപ്പെടുത്തുവാൻ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് ; വിശദമാക്കുമോ; | (എ) 1) സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി.<br>2) പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.<br>3) ഹാന്റക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം.<br>4) നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി.<br>5) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.<br>6) കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ/ഹാന്റ്ലൂം ബിസിനസ് ഇൻക്യൂബേറ്റർ.<br>7) നെയ്ത്തുകാർക്കും മറ്റു തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി/കൈത്തറി തൊഴിലാളികൾക്കുള്ള ഉൽപ്പാദന പ്രോത്സാഹന ധനസഹായം.<br>8) കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമവും സ്ഥാപിക്കൽ.<br>9) അംശദായ സമ്പാദ്യ പദ്ധതി.<br>10) കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (മഹാത്മാഗാന്ധി ബുങ്കർ ബീമാ യോജന).<br>11) വിപണന കയറ്റുമതി പ്രോത്സാഹനം.<br>12) കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും.<br>13) പരിശീലനം, നൈപുണ്യം, ശേഷി വികസനം.<br>14) കൈത്തറിയുടെ പ്രചാരണം, പരിശീലനം, പഠനം കൈത്തറി മാർക്ക് സ്കീമിന്റെ പ്രചാരണ സഹായം. |

(ബി) സംസ്ഥാനത്തെ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം നൽകുന്ന പദ്ധതിയുടെ അവസ്ഥ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് മേഖലയിൽ പഠിക്കുന്ന 1 മുതൽ 8 വരെയുള്ള സ്കൂൾ കുട്ടികൾക്ക് 2017 അദ്ധ്യയന വർഷം മുതൽ സൗജന്യമായി കൈത്തറി തുണി സ്കൂൾ യൂണിഫോമിന് നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ പ്രാരംഭ നടപടികൾ ആരംഭിക്കുകയും ഇതിലേക്ക് ഏകദേശം 130 ലക്ഷം മീറ്റർ തുണിയുടെ ആവശ്യം വരുമെന്ന് കണക്കാക്കുകയും ചെയ്തു. എന്നാൽ വിശദമായ വിലയിരുത്തലിൽ സംസ്ഥാനത്തെ കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണത്തിലുള്ള കുറവും സമയ ദൗർലഭ്യവും കാരണം നിശ്ചിത ലക്ഷ്യം നിശ്ചിത സമയപരിധിക്കുള്ളിൽ കൈവരിക്കുവാൻ കഴിയില്ലായെന്ന് കണ്ടെത്തിയതിനാൽ സംസ്ഥാനത്തെ ഒന്നു മുതൽ അഞ്ചു വരെയുള്ള സർക്കാർ സ്കൂളുകളിൽ മാത്രം സൗജന്യമായി സ്കൂൾ യൂണിഫോം കൈത്തറി വസ്ത്രത്തിൽ നൽകിയാൽ മതിയെന്നു തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ലക്ഷ്യം 925 ലക്ഷം മീറ്റർ തുണിയായി പുതുക്കി നിശ്ചയിക്കപ്പെട്ടു. തുണി ചായം മുക്കുന്നതിനു വേണ്ടി തമിഴ്നാട് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ പ്രോസസിംഗ് മില്ലിൽ (റ്റി.സി.റ്റി.പി) നിന്നും ചായം മുക്കി ലഭിക്കുന്ന തുണി യൂണിഫോമിനായി മേയ് 15 നകം എല്ലാ സ്കൂളുകളിലും എത്തിക്കാനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) പദ്ധതിയനുസരിച്ച് ഏതെല്ലാം കുട്ടികൾക്കാണ് യൂണിഫോം നൽകാൻ ലക്ഷ്യമിട്ടിരുന്നതെന്ന് വിശദമാക്കുമോ;

(സി) സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയനുസരിച്ച് 1 മുതൽ 8 ക്ലാസുകൾ വരെയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് കൈത്തറി തുണിയിൽ യൂണിഫോം നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്.

(ഡി) ഇതനുസരിച്ച് അടുത്ത അദ്ധ്യയന വർഷം മുതൽ എല്ലാ വിദ്യാർത്ഥികൾക്കും സ്കൂൾ യൂണിഫോം നൽകുന്നതിന് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ; വിവരിക്കുമോ?

(ഡി) അടുത്ത സ്കൂൾ അദ്ധ്യയന വർഷത്തേക്കുള്ള തുണി ഉൽപാദിപ്പിക്കാനുള്ള തുടർച്ചയായ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. 3000 നെയ്ത്തുകാരെ ഉൾപ്പെടുത്തി 20 ലക്ഷം മീറ്റർ തുണി ഉൽപാദിപ്പിക്കുവാൻ ഈ വർഷം ലക്ഷ്യമിടുന്നു. ഏതു ക്ലാസു വരെയുള്ള വിദ്യാർത്ഥികൾക്ക് ഇതു നൽകുമെന്നത് തീരുമാനിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ